"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ്- ബഡ്ജറ്റ് പ്രവൃത്തി- 2023-24 പാലക്കാട് ജില്ല- തരൂർ നിയോജകമണ്ഡലം - കോട്ടായി ഗ്രാമപഞ്ചായത്ത്- **"കോട്ടായി പ്രാഥമിക ആരോഗ്യ കേന്ദ്രം"** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1776/2026/LSGD തീയതി,തിരുവനന്തപുരം, 21-09-2026

---

പരാമർശം:- 1. 28/04/2021 ലെ GO(P) 67/2021/Fin സർക്കാർ ഉത്തരവ്

2. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 17/12/2025& 15.03.2026 എന്നീ തീയതികളിലെ LSGD/PD/30834/2025-EW6 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

2023-2024 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II -ൽ ക്രമ നമ്പർ. 299 ആയി ഉൾപ്പെടുത്തി 20% തുക വകയിരുത്തിയതും കോട്ടായി ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന **"കോട്ടായി പ്രാഥമിക ആരോഗ്യ കേന്ദ്രം"** എന്ന പ്രവൃത്തി PMC മുഖേന നിർവ്വഹണം നടത്തുന്ന പദ്ധതിയായതിനാൽ സാങ്കേതികാനുമതി നൽകുന്ന ഏജൻസി അംഗീകരിച്ച എസ്റ്റിമേറ്റ്, PMC യെ തിരഞ്ഞെടുക്കുന്നതിന് പാലക്കാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ക്ഷണിച്ച ടെണ്ടർ പ്രകാരം ഏറ്റവും കുറവ് സെന്റേജ് നിരക്കായ 5.2% രേഖപ്പെടുത്തിയ M/S KEL മാമല. കൊച്ചി എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്ത ടെണ്ടർ വിവരങ്ങൾ, DPR എന്നിവ സഹിതം പ്രസ്തുത പ്രവൃത്തിക്ക് 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകണമെന്ന് തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരമാർശം (1) സർക്കാർ ഉത്തരവിൽ അക്രഡിറ്റഡ് ഏജൻസികളുടെ തിരഞ്ഞെടുപ്പ്, അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പ്രവൃത്തി നിർവഹണം എന്നിവ സംബന്ധിച്ച് പ്രതിപാദിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പാലിച്ചിരിയ്ക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2023-24 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II- വാല്യം II ൽ ക്രമ നമ്പർ.299 ആയി ഉൾപ്പെടുത്തി 20% തുക വകയിരുത്തിയ **"കോട്ടായി പ്രാഥമിക ആരോഗ്യ കേന്ദ്രം"** എന്ന പ്രവൃത്തിയ്ക്ക് 100 ലക്ഷം രൂപയുടെ (**നൂറ് ലക്ഷം രൂപ മാത്രം**) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിയ്ക്ക് ആവശ്യമായ ചെലവ് **'4515-00-800-92(NP)'** എന്ന ശീർഷകത്തിൽ അഡീഷണൽ പ്രൊവിഷൻ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡീഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

2) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

3) സെക്രട്ടറി, കോട്ടായി ഗ്രാമപഞ്ചായത്ത്,മലപ്പുറം ജില്ല

4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

5) ധനകാര്യ വകുപ്പ് (3409269/Dev-3/36/2026-Fin dtd 07/09/2026 ) (AS/LGD/26/52847)

6) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

7) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ &പി ആർഡി

8) കരുതൽ ഫയൽ (ഡി.ബി1/26/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Smitha. L
Date: 22-09-2026
14:00:28

സെക്ഷൻ ഓഫീസർ